പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5600 | 06/07/2012-ൽ മറുപടിക്ക്

# ആദിവാസി ഭൂമി കൈയേറ്റം

ചോദ്യം | മറുപടി

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.എ.റ്റി.ജോർജ്
ശ്രീ.പാലോട് രവി
ശ്രീ.ഹൈബി ഈഡൻ

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ആദിവാസി ഭൂമി കൈയേറ്റം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; | (എ) | 1989-ലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയൽ നിയമപ്രകാരവും 1999-ലെ പട്ടികവർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും, അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കലും) നിയമ പ്രകാരവും ആദിവാസി ഭൂമി കൈയേറ്റം, ഒഴിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് പരാതി നൽകാൻ എന്തെല്ലാം സംവിധാനമാണ് വകുപ്പിലുള്ളത്; വിശദമാക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട പരാതികൾ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പ്രോജക്റ്റ് ആഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ആഫീസ്/ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസ് എന്നിവിടങ്ങളിൽ നൽകാവുന്നതാണ്. |
| (സി) | പരാതികൾ പരിഹരിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്? | (സി) | പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈയ്യേറ്റ പരാതികൾ റവന്യൂ, പോലീസ്, അധികാരികളുടെ സഹായത്തോടെ നിലവിലുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങളുടെയും ചട്ടങ്ങളുടെയും, അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ